**കേരള സർക്കാർ**

**സംഗ്രഹം**

**തദ്ദേശ സ്വയംഭരണ വകുപ്പ് -ബാലുശ്ശേരി ഗ്രാമപഞ്ചായത്ത് - 2007-08 വർഷ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് - ഖണ്ഡിക 3-2, 2008-09 വർഷ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് – ഖണ്ഡിക 3-7 - എന്നിവയ്ക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**തദ്ദേശ സ്വയംഭരണ (എബി) വകുപ്പ്**

**ജി.ഒ (ആർ.ടി) നം.1670/13/തസ്വഭവ തിരുവനന്തപുരം, തീയതി: 25/06/2013**

---

**പരാമർശം:-** 1) ബാലുശ്ശേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 25/10/2012-ലെ കത്ത്.

2) 06/04/2013-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ എൽ.എഫ്/പിറ്റി3/24964/12 നമ്പർ കത്ത്.

## **ഉത്തരവ്**

കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2007-08 വർഷ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-2, 2008-09 വർഷ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-7 എന്നിവ പ്രകാരം സർക്കാർ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി തുക ചെലവഴിച്ചതിനാൽ 50,000/- രൂപ ഓഡിറ്റ് നിരാകരിച്ചിരുന്നു.

ബാലുശ്ശേരി ഗ്രാമപഞ്ചായത്തിൽ 2007-08, 2008-09 വർഷങ്ങളിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട നിർദ്ധനരായ കുട്ടികളിലെ സംഗീത അഭിരുചി വർദ്ധിപ്പിക്കാൻ വേണ്ടിയാണ് 50,000/- രൂപ അടങ്കലിൽ സംഗീതപരിശീലനം (എസ്.സി) എന്ന പ്രോജക്റ്റ് നടപ്പിലാക്കിയതെന്നും ജില്ലാ ആസൂത്രണ സമിതി, ബ്ലോക്ക് തല സമിതി, വിദ്യാഭ്യാസ സമിതി എന്നിവയുടെ അംഗീകാരത്തോടെയാണ് പ്രോജക്റ്റ് നടപ്പിലാക്കിയതെന്നും മികച്ച പ്രതിഭയെ കണ്ടെത്തുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിയ പ്രോജക്റ്റ് വൻ വിജയമായിരുന്നെന്നും ആയതിനാൽ ടി ചെലവുകൾക്ക് സാധൂകരണം നൽകണമെന്നുമുള്ള 01/08/2012-ലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 104(3)/12-ാം നമ്പർ തീരുമാനം പരാമർശം ഒന്ന് പ്രകാരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്.

ടി വിഷയം സംബന്ധിച്ച് പരാമർശം 2 പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിൽ 2007-08 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-2, 2008-09 വർഷത്തെ ഖണ്ഡിക 3-7 എന്നിവയിൽ പരാമർശിക്കപ്പെട്ട സംഗീതപരിശീലനം (എസ്.സി) എന്ന പ്രോജക്റ്റ് സബ്സിഡി മാർഗ്ഗരേഖ പ്രകാരമല്ലെങ്കിലും ഇക്കാര്യത്തിലുള്ള ഗ്രാമപഞ്ചായത്തിന്റെ വിശദീകരണം പരിഗണിച്ച് ചെലവിന് സാധൂകരണം നൽകാവുന്നതാണെന്ന്

അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ബാലുശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2007-08, 2008-09 വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡികകൾ യഥാക്രമം 3-2, 3-7 എന്നിവയിൽ തടസ്സപ്പെടുത്തിയ 50,000/- (25,000+ 25,000) (അമ്പതിനായിരം രൂപ മാത്രം) രൂപ ചെലവഴിച്ച ഗ്രാമപഞ്ചായത്ത് നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
എ. ജവഹറാബീവി
ഡെപ്യൂട്ടി സെക്രട്ടറി.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്
സെക്രട്ടറി/പ്രസിഡന്റ്, ബാലുശ്ശേരി ഗ്രാമപഞ്ചായത്ത്, കോഴിക്കോട് ജില്ല
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ